# സമൃദ്ധി ഫുഡ് പ്രൊഡക്ട്സ് ബാലുശ്ശേരി

2014 മാർച്ച് മാസത്തിൽ 14 കുടുംബശ്രീ അംഗങ്ങൾ ചേർന്ന് ആരംഭിച്ച സമൃദ്ധി ഫുഡ് പ്രൊഡക്ട്സ് ബാലുശ്ശേരി ബ്ലോക്ക് ഓഫീസിനു സമീപമുള്ള ഫുഡ് പ്രൊസ സ്സിംഗ് ആന്റ് ന്യൂട്രീഷൻ സെന്ററിലാണ് പ്രവർ ത്തിക്കുന്നത്.ഓരോ വ്യക്തിയും 5000 രൂപ വീതം മുതൽ മുടക്കിയാണ് ആദ്യം പ്രവർത്തനമാരംഭിച്ചത്. പിന്നീട് ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 120000 രൂപ സബ്സി ഡിയുൾപ്പടെ 2,40,000 രൂപ പ്രൊജക്ട് തുകയാക്കി യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. ഫുഡ് പ്രൊസസ്സിംഗ് ആന്റ് ന്യൂട്രീഷൻ സെന്റർ മുഖേന അച്ചാർ,ജാം, സ്ക്വാഷ്,സർബത്ത് എന്നിവയിൽ പരിശീലനം ലഭിച്ചത്. നാരങ്ങ,മാങ്ങ,ഈന്തപ്പഴം അച്ചാറുകൾക്കു പുറമേ പൈനാപ്പിൾ, കാരക്ക, മിക്സഡ് ഫ്രൂട്ട്, ജാം എന്നിവയുമാണ് യൂണിറ്റ് ഉത്പാദിപ്പിക്കുന്ന ത്. ഇതിനു പുറമേ നന്നാറി സർബത്ത് നിർമ്മിച്ചു നൽകുന്നുമുണ്ട്. ബേക്കറികൾ, പ്രാദേ ശികമായി സംഘടിപ്പിക്കുന്ന വിപണന മേളകൾ എന്നിവക്കു പുറമേ കുടുംബശ്രീ ഹോംഷോപ്പിന്റെ ഏഴ് സെന്ററുകൾ വഴിയും വിപണനം നടത്തുന്നുണ്ട്. യൂണിറ്റിലെ ഓരോ വ്യക്തിയും 250 രൂപ നിരക്കിലാണ് ദിവസ വേതനം എടുക്കുന്നത്. ഏകദേശം 50000 രൂപയുടെ പ്രതിമാസ വിറ്റ് വരവ് ഈ സംരംഭത്തിനുണ്ട്. നിലവിൽ യൂണിറ്റ് ലാഭ ത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ കൂടുതൽ പരിശീലനങ്ങളും സ്വന്ത മായകെട്ടിടത്തിലേക്കുള്ള യൂണിറ്റിന്റെ വളർച്ചയുമാണ് സംരംഭകരുടെ ആവശ്യം.

അഷ്ടമി. ടി

എം.കെ.എസ്.പി. ബ്ലോക്ക് കോ ഓർഡിനേറ്റർ

കൊടുവള്ളി ബ്ലോക്ക്